**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1895** **13-02-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന്റെ ബാക്കി പ്രവൃത്തികളുടെ എസ്.പി.വി. ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ 20.09.2024 തീയതിയിലെ സ.ഉ.(സാധാ)നം.234/2024/S&YA പ്രകാരം നിയമിച്ചിരുന്നു. പ്രവർത്തിയുമായി ബന്ധപ്പെട്ട എല്ലാ ഡോക്യുമെന്റ്സും പുതിയ എസ്.പി.വി ആയ എസ്.കെ.എഫ് -ന് കൈമാറുന്നതിന് കിറ്റ്കോയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷനും കായിക യുവജനകാര്യ ഡയറക്ടറും നിർദേശം നൽകിയതിനെ തുടർന്ന് കിറ്റ്കോയിൽ നിന്നും രേഖകൾ ലഭിച്ചു. എന്നാൽ കിറ്റ്കോയിൽ നിന്നും ലഭിച്ച രേഖകൾ ഉപയോഗിച്ച് ശേഷിക്കുന്ന പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കാൻ കഴിയാത്തതിനാൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പുതിയ ഡി.പി.ആർ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ച് വരുന്നു. |
| (ബി) | സാങ്കേതിക നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (ബി) | പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിച്ച ശേഷം റിപ്പോർട്ട് പ്രകാരം സ്ട്രക്ച്ചറൽ ഡിസൈനും, ഡീറ്റൈൽഡ് എസ്റ്റിമേറ്റും തയ്യാറാക്കി ഡി.പി.ആർ രണ്ട് മാസത്തിനുള്ളിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ കിഫ്‌ബിയിൽ സമർപ്പിക്കുന്നതാണ്. ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്‌ബിയിൽ നിന്നും അംഗീകാരം ലഭിച്ച ശേഷം മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്ത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. കിഫ്‌ബിയുടെ പ്രൊസീഡിയർ പ്രകാരം ടെണ്ടർ നടപടികളിലേക്ക് പോകുവാൻ ആദ്യം ഡി.പി.ആർ. സമർപ്പിക്കുകയും ആയതിനു അംഗീകാരം വാങ്ങുകയും, തുടർന്ന് പി.ഇ.ഡി. (പ്രൊജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ്) തയ്യാറാക്കി കിഫ്‌ബിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയതിനു |

| | | | |
|---|---|---|---|
| | | | ശേഷം മാത്രമേ പ്രവൃത്തിയുടെ ടെണ്ടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ